# നിസ്വനായ പക്ഷി - ഒരു പഠനം (ശ്രീ ജോസഫ് നമ്പിമഠത്തിന്റെ കവിതാസമാഹാരം)


**സുധീർ പണിക്കവീട്ടിൽ**


**(വിചാരവേദി അവരുടെ പത്താം വാർഷികത്തോടനുബന്ധിച്ച് (11-12-16) തിരഞ്ഞെടുത്ത പത്ത് എഴുത്തുകാരിൽ ഒരാളായി അംഗീകരിക്കപ്പെട്ട കവി)**



ശ്രീ ജോസഫ് നമ്പിമഠത്തിന്റെ "നിസ്വനായ പക്ഷി" എന്ന കവിതാസമാഹാരത്തിലെ കവിതകളെ ഈ ലേഖകന്റെ ചിന്തയിലൂടെ പഠന വിധേയമാക്കുമ്പോൾ കാണുന്ന സവിശേഷതകളാണു താഴെ കുറിക്കുന്നത്. കവിതകളിലേക്ക് കടക്കുന്നതിനു മുമ്പ് അദ്ദേഹം ഉപയോഗിച്ചിട്ടുള്ള ചില രചനാ രീതികളെകുറിച്ച് ചുരുക്കമായി പറയേണ്ടതുണ്ട്. എല്ലാം തന്നെ ആധുനികമാണ്. എന്നാൽ മറ്റ് ആധുനിക കവിതകളെ അപേക്ഷിച്ച് ശ്രീ നമ്പിമഠത്തിന്റെ കവിതകൾക്കുള്ള സവിശേഷത അവയെല്ലാം വായനാസുഖം തരുന്നു എന്നാണ്. കവിതയിൽ അന്തർലീനമായിരിക്കുന്ന ഗഹനമായ ആശയങ്ങൾ ഒരു പക്ഷെ വായനക്കാരനു മനസ്സിലായില്ലെങ്കിൽ തന്നെ വരികളുടെ രചനാ ഭംഗികൾ അവനെ ആകർഷിക്കും. തന്നെയുമല്ല കവിതകൾ ഒറ്റവായനയിൽ വായനക്കാരുടെ മനസ്സിൽ തങ്ങിനിൽക്കുന്നു. അതിന്റെ പ്രത്യക്ഷ ഭാവത്തിലും അർത്ഥത്തിലും അവർ കവിതയുടെ ഏകദേശരൂപം വരച്ചെടുക്കുന്നു. വായിച്ച് ഒന്നും മനസ്സിലാക്കാതെ നീക്കിവക്കേണ്ടിവരുന്ന കവിതകൾ, ആധുനികത എന്ന അസംബന്ധ കിരീടം പേറുന്ന കവിതകൾ ഇദ്ദേഹം എഴുതിയിട്ടില്ല. ഓരോ കവിതകളും വായിക്കുമ്പോൾ അവയെല്ലാം ആധുനിക കവിതാ സങ്കേതങ്ങളിൽ ഉൾപ്പെടുന്നുവെങ്കിലും ശ്രീ നമ്പിമഠം അദ്ദേഹത്തിന്റേതായ മാനങ്ങൾ അവക്ക് നൽകുന്നത്കൊണ്ട് കവിതകൾ കൂടുതൽ ആസ്വാദകരമാകുന്നുണ്ട്.




കവിയിൽ ഒരു ധാർമ്മിക രോഷത്തിന്റെ ജ്വാല കത്തിയെരിയുന്നത് വായനക്കാർക്ക് അനുഭവപ്പെടുന്നതാണ്. തനിക്ക് ചുറ്റും കവി നോക്കികാണുന്ന വ്യവസ്ഥകളിലെ അസമത്വം കവിക്ക് സ്വീകാര്യമല്ല. കടലാസ്സിന്റെ പ്രതലത്തിൽ കവി വരയുന്ന ചിന്തകളുടെ തീപ്പൊരി തീർച്ചയായും വായനക്കാരന്റെ ചിന്തകളേയും ചൂടുപിടിപ്പിക്കുന്നവയാണ്. അവരെ കർമ്മോന്മുഖരാക്കാനും അവരിൽ ഒരു അന്വേഷണ ത്വരക്ക് തുടക്കമിടാനും അത് പര്യാപ്തമാണ്. തന്മൂലം അമേരിക്കൻ

മലയാളി കവികളിൽ, കവിതകളുടെ സ്രവിശേഷത കൊണ്ട് ശ്രീ നമ്പിമഠം ഒരു പ്രത്യേക ഇരിപ്പടം സമ്പാദിച്ചിട്ടുണ്ട്

യശ്ശ:ശരീരനായ ശ്രീ അയ്യപ്പപണിക്കരുടെ അവതാരികയോടെ പുറത്ത് വന്ന ഈ കവിതാസമഹാരത്തിനു വേറിട്ട് ഒരു പഠനത്തിന്റെ ആവശ്യമുണ്ടോ എന്ന വായനക്കാരുടെ ന്യായമായ ചിന്തയെ ആദരിച്ച്കൊണ്ട് തന്നെ ആ സാഹസത്തിനു മുതിരുന്നു.

ആധുനിക കവികൾ വാസ്തവത്തിൽ അവരുടെ പൂർവ്വികർ ആചരിച്ച് വന്നിരുന്ന ചില അടിസ്ഥാനങ്ങളെ തകിടം മറിച്ചിട്ടുണ്ട്. പഴയ കവികളുടെ സൗന്ദര്യ സങ്കൽപ്പങ്ങളിലും, അനുമാനങ്ങളിലും ഒതുങ്ങി നിൽക്കാതെ അവർ അവരുടെ സങ്കൽപ്പങ്ങളെ ആധുനിക രീതിയിൽ ആവിഷ്ക്കരിച്ചു. വായനക്കാർ പരിചയിച്ച് വന്ന കാൽപ്പനിക ഭാവങ്ങളും ഹ്രുദ്യമായ ഉപമകളും പുതിയ കവിതകളിൽ കാണുന്നില്ലെങ്കിലും രൂപാലങ്കാരത്തിലൂടെയും, പ്രതിമാനങ്ങളിലൂടെയും ആധുനിക കവികൾ അവർക്ക് പറയാനുള്ളത് ശക്തിയോടെ പറഞ്ഞു. ശക്തിയോടെ എന്നുദ്ദേശിക്കുന്നത് അനുവാചക ഹ്രുദയങ്ങളിലേക്ക് ആഴത്തിൽ പ്രവേശിക്കുന്ന വിധം എന്നർത്ഥത്തിൽ. ഉപമകളേക്കാൾ രൂപാലങ്കാരങ്ങൾക്ക് കവിതയിലെ ആശയങ്ങളെ ശക്തമായ രീതിയിൽ അനുവാചക ഹ്രുദയങ്ങളിലെക്ക് എത്തിക്കാൻ കവികൾക്ക് കഴിയുന്നു. ഏതെങ്കിലും ഒന്നിനോട് സാദ്രുശ്യപ്പെടുത്തുമ്പോൾ അവിടെ വായനക്കാരനു പരിചയമുള്ള ഒരു കാര്യമാണു് പ്രകടമാകുന്നത്.. എന്നാൽ രൂപാലങ്കാരത്തോടെ പറയുമ്പോൾ അത് വായനക്കാരനിൽ വികാരങ്ങളെ ഇളക്കിവിടുന്നു. ഉപമകൾ വായനക്കാരൻ പ്രകടമായി കാണുന്നു. എന്നാൽ രൂപാലങ്കാരങ്ങൾ അവന്റെ ഭാവനയിലൂടെ കാണുന്നു. ഇവിടെ ചിന്ത എന്ന ഒരു പ്രക്രിയ ഉത്ഭവിക്കുന്നുണ്ട്. അങ്ങനെ ബുദ്ധിപരമായ ഒരു പ്രക്രിയയിലൂടെ അത് വായനക്കാരിലേക്ക് ശക്തമായ രീതിയിൽ പ്രവേശിക്കുന്നു.

പ്രതിമാനങ്ങൾ കവിതക്ക് ചാരുത ചേർക്കാൻ ഉപയോഗിക്കുന്ന രീതിയല്ല ശ്രീ നമ്പിമഠത്തിന്റേത്. തന്റെ ആശയം വളരെ വ്യകതമായ രീതിയിൽ പ്രതിമാനങ്ങളിലൂടെ സന്നിവേശിപ്പിക്കുന്ന ഒരു ആവിഷ്ക്കാരരീതിയാണു അദ്ദേഹത്തിന്റെ കവിതകളിൽ കാണുന്നത്. അത് അദ്ദേഹം സ്വന്തമായി സ്രുഷ്ടിച്ചെടുത്തവയാണു്. തന്മൂലം അതിനു മൗലികതയുണ്ട്. ഇതിലെ നിശ്വനായ പക്ഷി എന്ന കവിത തന്നെ അദ്ദേഹത്തിനു രചനാവൈഭവങ്ങളിലുള്ള കയ്യടക്കത്തിനു ഉദാഹരണമാണു. മനസ്സ് എന്നത് ബോധമാണു്. പ്രജ്ഞ, അവബോധം, വിചാരശക്തി, വിധിന്യായം, ഓർമ്മ ഇതൊക്കെ മനുഷ്യമനസ്സിൽ നടക്കുന്നപോലെ ജന്തുക്കളിലും നടക്കുന്നു എന്ന് കവി വിശ്വസിക്കുന്നത്കൊണ്ടാകാം മനസ്സിനെപ്പറ്റി പറയാൻ പക്ഷിയെ തിരഞ്ഞെടുത്തത്. തന്നയുമല്ല മനസ്സ് കൊണ്ട് മനുഷ്യൻ പറക്കുകയാണല്ലോ? അത്കൊണ്ട് തന്നെ പക്ഷി എന്ന ബിംബം അനുയോജ്യം തന്നെ. കൂടാതെ മനസ്സ് ശരീരത്തിൽ നിന്നും വേറിട്ട് നിൽക്കുന്നു എന്ന ചില ആത്മീയ ചിന്തകളേയും കവി തള്ളികളയുന്നു. ഭൗതികമായ കാര്യങ്ങളിലേക്ക് മനസ്സിനെ ആകർഷിക്കുന്നത് ശരീരത്തിന്റെ ഇഛാശക്തിയാണു്. ശരീരത്തിന്റെ താൽപ്പര്യങ്ങളാണു.

ജീവിച്ചിരിക്കുമ്പോൾ മനുഷ്യൻ അവന്റെ ശരീരത്തിനുവേണ്ടി മനസ്സിനെ ഉപയോഗിച്ച് അതിന്റെ ശക്തിയും, സിദ്ധികളും മനസ്സിലാക്കാതെ നട്ടം തിരിയുന്നു എന്ന് കവി ധ്വനിപ്പിക്കുന്നുണ്ട്. അതിൽ കുറച്ച്പേർ ബോധിവ്രുക്ഷത്തിന്റെ സുഖകരമായ ശീതളിമയിലേക്ക് പോകുന്നു എന്ന പ്രയോഗം ഒരു ആക്ഷേപഹാസ്യമാണു്. ഒരു മരച്ചുവട്ടിലും മനസ്സിനെ തളക്കാൻ സാദ്ധ്യമല്ല. ഒരിടത്തും ഇരിപ്പുറക്കാത്ത പക്ഷി എന്നാണു മനസ്സിനെ വിശേഷിപ്പിക്കുന്നത്. പുനർജന്മത്തിന്റെ ഒരു സൂചനയും ഇതിൽ നിന്നും കിട്ടുന്നു. കാരണം ശരീരമെന്ന ഇരുട്ടിൽ കിടന്നു നിസ്വനായി, കൂടറിയാത്തവനായി, ദേശാടനക്കിളിയായി, ചഞ്ചലനായി അത് വീർപ്പുമുട്ടി അവസാനം പറന്നു പറന്നു അനന്തമായി പ്രയാണം തുടരുന്നു. മനസ്സിനെ ആത്മാവുമായി കൂട്ടിയിണക്കുന്ന ചില ചിന്തകളെ കവി അവലംബിച്ചിട്ടുണ്ടോ എന്നറിയില്ല ആത്മാവിനു പുനർജന്മമുണ്ടെന്ന് വിശ്വസിക്കുന്ന മതതത്വചിന്തകളും നമ്മൾക്ക് പരിചിതമാണല്ലോ. കവിയുടെ നോട്ടത്തിൽ എല്ലാമുണ്ടായിട്ടും ത്രുപ്തനാകാതെ ജീവിതത്തിന്റെ നല്ല കാലങ്ങൾ വ്യർത്ഥമാക്കി അവസാനം ഒരു മുനിയെപോലെ തളർന്നിരിക്കുന്നു എന്ന് പറയുമ്പോൾ കവി ശരീരവും മനസ്സും തമ്മിലുള്ള അഭേദ്യബന്ധത്തിനു അടിവരയിടുന്നു. മനസ്സിന്റെ വ്യാപാരങ്ങൾ മനസ്സാണോ ശരീരമാണോ എന്ന ഒരു ചോദ്യവും കവി സമൂഹത്തിനിട്ട് കൊടുക്കുന്നു. ശരീരത്തിനേയും മനസ്സിനേയും രണ്ടായി കണ്ടിരുന്നവരാണു് പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്ന ഗ്രീക്ക് ചിന്തകരും, ഹിന്ദു

ദർശനങ്ങളിൽ സാഖ്യനും പിന്നെ യോഗയും. മനസ്സ് ശരീരവുമായി ബന്ധമില്ലാതെ ഒറ്റക്ക് നിൽക്കുന്ന ഒരു വസ്തുവാണെന്ന് അവർ വിശ്വസിച്ചു. എന്നാൽ നിസ്വനായ പക്ഷിയിൽ കവിയുടേതായ ഒരു ദർശനം കാണാം. ശരീരത്തിൻെറ താളങ്ങൾക്കൊപ്പം ചലിച്ച് അവസാനം ബലഹീനമാകുന്ന ശരീരത്തോടൊപ്പം മനസ്സും തളരുന്നു.

ഈ കവിതയിൽ മനസ്സിനെ ഒരു പക്ഷിയുടെ നാലു അവസ്ഥകളോട് താരതമ്യം ചെയ്യുന്നുണ്ട്.. അത് മനുഷ്യൻെറ ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നിവയെ സൂചിപ്പിക്കുന്നതാണു. യൗവ്വനം ഒരു ചഞ്ചലനായ പക്ഷിയാണ്. അപ്പോഴത്തെ മനസ്സിലെ വൈക്രുതചിന്തകളെ കവി വിവരിക്കുന്നത് ശ്രദ്ധിക്കുക: ***മുല്ലപ്പൂവ്വിൻെറ വെണ്മയിലും പാലപ്പൂവ്വിൻെറ സൗരഭ്യത്തിലും ത്രുപ്തിയടയാതെ, വഴിപ്പണിക്കാരിയുടെ വിയർപ്പിൻെറ ഗന്ധത്തിലും, ചേറിൽക്കുളിച്ച ചെറുമിയുടെ ഗന്ധത്തിലും.*** കവിയെ ആധുനിക കവിതയുടെ വക്താവ് എന്ന് വിശേഷിപ്പിക്കാമെങ്കിലും കാൽപ്പനികതയുടെ മുഗ്ദ്ധസാരള്യം വഴിഞ്ഞൊഴുകുന്ന വരികളും ഇതിൽ പ്രകടമാണ്. ***"പാടാത്ത പാട്ടുകൾ തേടി, കേൾക്കാത്ത രാഗം തേടി, അറിയാത്ത രുചികൾ തേടി" .***

കലയും യാഥാർത്ഥ്യവും തമ്മിലുള്ള ബന്ധത്തിൻെറ മാനങ്ങൾ മാറികൊണ്ടിരിക്കുകയാണ്. കാലം നീങ്ങികൊണ്ടിരിക്കുമ്പോൾ കലയുടെ ലോകത്തും അതിൻെറ പ്രഭാവം ഉണ്ടാകുന്നു. കാലത്തിനൊത്ത് മാറാൻ മനസ്സ് സമ്മതിക്കാത്തവരുടെ മുന്നിൽ ആധുനികത അല്ലെങ്കിൽ ആധുനിക കവിത ചോദ്യചി□ ം പോലെ നിൽക്കാറുണ്ട്. മലയാള കവിതയിലേക്ക് നോക്കുമ്പോൾ വർഷങ്ങൾക്ക് മുമ്പുള്ള കവിതകളിൽ കാൽപ്പനികതക്ക് മുൻതൂക്കം നൽകിയിരുന്നു എന്ന് കാണാം. പിൽക്കാലത്ത് ആ മാത്രുകയിൽ എഴുതിയവേ "പൈങ്കിളി" എന്ന് ആക്ഷേപിക്കുകയുണ്ടായി. കുറെ കവികൾ കവിതയുടെ പുതിയ സങ്കേതങ്ങൾ തേടി പോയി, ആധുനികതയുടെ പ്രസരം കവിതയിലെ മലയാളിത്വം കുറഞ്ഞത് കവികളുടെ കുറ്റമല്ലെന്ന് വായനക്കാർ മനസ്സിലാക്കേണ്ടതുണ്ട്. തുളസികതിരും, ചന്ദനക്കുറിയും, മരതകകാടുകളും, തിരന്നോട്ടവും, ഒളിഞ്ഞ്നോട്ടവും, ലജ്ജയിൽ മുങ്ങിയ മുഖവും അങ്ങനെ ഒരുപാട് ലോലഭാവങ്ങൾ ഇന്ന് കവികളുടെ മുന്നിലില്ല. എന്നാൽ ശ്രീ നമ്പിമഠം അത്തരം മുഗ്ദ്ധ സങ്കൽപ്പങ്ങളെ മനസ്സിലിട്ട് താലോലിക്കുന്നുണ്ട്. കഴിഞ്ഞ് പോയ ഒരു കാലഘട്ടം സ്മ്രുതിയിൽ സൂക്ഷിക്കുന്ന കവിക്ക് ആധുനിക കവിതകളെ അനുവാചക ഹ്രുദയങ്ങളിലേക്ക് എങ്ങനെ പകരണമെന്നറിയാം. നേരത്തെ സൂചിപ്പിച്ചപ്പോലെ അത് അദ്ദേഹത്തിൻെറ രചനാ തന്ത്രത്തിൻെറ രഹസ്യമാണ്. പുതിയതിനെ അപ്പാടെ വാരി പുണരുകയും പഴയതിക്കനെ തള്ളികളയുകയും ചെയ്യാതെ അതിനിടയിൽ നിന്ന് രൂപപ്പെടുത്തിയെടുക്കുന്ന ഒരു രീതി. അത് ഹ്രുദയാവർജ്ജകവും ആസ്വാദകമനസ്സുകൾക്ക് അതീവ ആനന്ദം പകരുന്നതുമാണ്. ആധുനികതയുടെ എല്ലാ നല്ല വശങ്ങളും കവിതാ രചനക്ക് ഉപയോഗപ്രദമാക്കുമ്പോഴും ആധുനികതയുടെ അസംബന്ധത്തിൽ നിന്നും ശ്രീ നമ്പിമഠം അകലം സൂക്ഷിക്കുന്നു. എന്തോ ദ്രുതഗതിയിൽ എത്തിപ്പിടിക്കാൻ മരണപാച്ചിൽ പായുന്ന മനുഷ്യരെയാണു സാധാരണ ആധുനിക കവികൾ കാണുന്നത്. അവിടെ സ്നേഹബന്ധങ്ങളുടെ മൂല്യം വളരെ കുറഞ്ഞു. പ്രായോഗികതയും സൗകര്യവും നോക്കുന്ന മനുഷ്യരെ -സ്ത്രീപുരുഷഭേദമെന്യേ - കാണുന്ന കവികൾ കുത്തിക്കുറിക്കുന്നത് ആലോചിച്ചുറപ്പിച്ച ഒരു വ്രുത്തത്തിലല്ല. കവികൾ വ്രുത്തത്തിൽ പാടാൻ നിന്നാൽ ജനത്തിനു കേൾക്കാൻ സമയമില്ല, വായിക്കാനും. അപ്പോൾ ഓട്ടത്തിനനുസരണമായി കവികൾ എഴുതി. മുദ്രാവാക്യം പോലെ, ആയാസത്തിനു കഠിനാദ്ധ്വാനം ചെയ്യുന്ന ജോലിക്കാർ പാടിയ ഹൈലസ പോലെ. ഇതു കവിതയെ വില ക്കുറച്ച് കാണിക്കയല്ല മറിച്ച് അത്തരം ആവിഷ്കാരങ്ങളിലൂടെ അനന്തമായ അർത്ഥസാന്ദ്രത അവർക്ക് കലർത്താൻ കഴിഞ്ഞു. വളരെ ശക്തമായ പ്രതിബിംബങ്ങൾ അവർ കവിതയിൽ ഉൾപ്പെടുത്തി.

ശ്രീ നമ്പിമഠത്തിനു കാൽപ്പനികതയും, ആധുനികതയും തമ്മിൽ കലർത്താനുള്ള കഴിവ് അദ്ദേഹം ഈ സമാഹാരത്തിലെ എല്ലാ കവിതകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രവാസ ജീവിതം നയിക്കുന്ന കവിയിൽ ഗ്രുഹാതുരത്വം നിറയുമ്പോൾ കാൽപ്പനികതയുടെ ചിറകുകളിൽ കവി പറക്കുന്നു. അപ്പോൾ കവിയുലുണരുന്ന സർഗ്ഗസങ്കൽപ്പങ്ങൾക്ക് മലയാളത്തിൻെറ നിറവും മണവും. തുഞ്ചൻെറ കിളിമകളെ കവി വിളിക്കുന്നത് ***"നൂറുതരാമൊരു വാൽക്കിണ്ടിയിൽ പാലും തരാം, വെറുതെയിരുന്നു മുഷിയുമ്പോഴിത്തിരി ചുണ്ണാമ്പു തേച്ച് തളിർവെറ്റിലയും ചവച്ചിരിക്കാം.***'' എന്ന് പറഞ്ഞാണ്. മലയാള ഭാഷ മലയും ആഴിയും കടന്നു ചെന്ന സ്ഥലത്തൊക്കെ പൂർവ്വചിന്തയിൽ പരിലസിക്കുന്നെങ്കിലും അത്

മറ്റ് സംസകാരങ്ങളുമായി ഇഴുകി ചേരുന്നു എന്നുകൂടി പറഞ്ഞ് കവി ഭാവുകങ്ങളെ യാഥാർത്ഥ്യത്തിൻെറ നിലയിലേക്ക് കൊണ്ട് വരുന്നു. ലൈലാക്ക് പുഷ്പങ്ങൾ പൂക്കൂട ചൂടുന്ന റോച്ച്സ്റ്റർ നഗരത്തിൽ ഒരു പൂക്കളം തീർക്കാമെന്നും പൂവ്വെ പൊലി പാടാമെന്നു കിളിമകളോട് പറയുന്നു. ലോകാസമസ്ത സുഖിനോ ഭവന്തു എന്ന ആപ്ത വാക്യത്തെ ഉയർത്തിപിടിക്കയാണിവിടെ. ഒരു അന്തർദേശീയ സൗഹ്രുദത്തിനു കവി ഭൂമിക പണിയുകയാണ്. സ്വന്തം സംസ്കാരത്തെ മാനിക്കുമ്പോഴും അതിനെ പരിപോഷിപ്പിക്കുമ്പോഴും മറ്റ് സംസ്കാരങ്ങളെ മൻസ്സിലാക്കാനും അതിൽ നല്ലത് സ്വീകരിക്കാനുമുള്ള ഒരു ഹ്രുദയ വിശാലത നമ്മൾ വികസിപ്പിക്കേണ്ടതാണെന്നും കവി നമ്മെ ഉദ്ബോധിപ്പിക്കുന്നു.

മനസ്സുകൊണ്ടൊരു മടക്കയാത്ര എന്ന കവിതയുടെ ഇതിവ്രുത്തം ഗ്രഹാതുരത്വമാണ്.ഗ്രഹാതുരത്വം വിവരിക്കാൻ കാൽപ്പനിക ഭാഷയുപയോഗിക്കുമ്പോൾ വായനക്കാരിലേക്ക് ആ നൊമ്പരം പടർന്ന് കയറുന്നു. വീട്ടിൽ എത്തിചേരുക, വേദന, മന:പീഡ എന്നർത്ഥം വരുന്ന രണ്ടു ഗ്രീക്ക് വാക്കുകളിൽ നിന്നാണു ഇംഗ്ലീഷിലെ നോസ്റ്റാൽജിയ എന്ന വാക്കുണ്ടായത്.. സ്സ്വിലെ കൂലിപട്ടാളക്കാർ കാണിച്ച ഒരു രോഗാവസ്ഥയായിരുന്നു ഇത്. വീട്ടിൽ നിന്നകന്ന് കഴിയുന്ന അവർക്ക് കുടമണി കെട്ടിയ അവരുടെ പശുക്കൾ മൈതാനത്ത് പുല്ലു തിന്ന് നടക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദം കേൾക്കുന്ന പോലെ തോന്നിയിരുന്നു. എല്ലാ പ്രവാസികളിലും ഈ രോഗം സാധാരണയാണു. കവികൾക്കാകുമ്പോൾ അത് കവിതയാകുന്നു. ഇതിലെ ഓരോ വർണ്ണനകളിലും ഭാരതീയ സംസ്കാരത്തിൻെറ ഒരു തിരി കൊളുത്തി, കേരളീയ ജീവിത രീതികളെ പ്രക്രുതി ഭംഗിയുമായി ചാലിച്ച്കൊണ്ടെഴുതിയതാണ്. ബാല്യകാല സ്മ്രുതികളാണധികവും. അരുതകളുടെ കാലമാണെങ്കിലും കുട്ടിക്കാലമാണു കൗതുകങ്ങളുടെ ലോകം. അവിടെ വിസ്മയത്തോടെ നോക്കി നിൽക്കുന്ന നിഷ്ക്കളങ്കനായ ഒരു കുട്ടിയുടെ ഓർമ്മകൾ എഴുതുമ്പോൾ കഴിഞ്ഞ് പോയ ഒരു കാൽഘട്ടം ചുരുൾ നിവരുന്നു. ഇതിലെ നഖചിത്രങ്ങളിൽ പലതും നഷ്ടപ്പെട്ടുപോയി. ഭാവി തലമുറക്ക് അത് ഭാവനയിലൂടെ കാണാൻ പോലും പ്രയാസമാണ്. എന്നാൽ ഈ കവിത സശ്രദ്ധം വായിക്കുന്ന ഒരു ചരിത്ര വിദ്യാർത്ഥിക്ക് ഭൂതകാലത്തിൽ ജീവിച്ചിരുന്ന ഒരു കുട്ടിയുടെ ആഹ്ലാദവും, വിസ്മയവും, അതിലൂടെ നേടുന്ന അറിവും നിഷ്പ്രയാസം മനസ്സിലാക്കാൻ സാധിക്കും. ഈ വരികൾ ശ്രദ്ധിക്കുക: ***വായ്പൊളിക്കുമാനതൻ വായിലത്ഭുതമായി നിന്നതും, നെയ്ത്തിരി വിളക്കിലെ ചെറുനാളമായി ചാഞ്ചാടി നിന്നതും, നിലാവിൽ മുങ്ങി നിൽക്കുമേഴിലമ്പാലപ്പൂവിലുന്മാദമായ് പടർന്നതു, അരയാലിൻ കൊമ്പിലിളകുമാലിലകളിലൊരു".*** വിവരിക്കുന്ന ബിംബങ്ങൾക്ക് തമ്മിലുള്ള ബന്ധം പ്രത്യേകം ശ്രദ്ധേയമാണു. ഓരോ ബിംബങ്ങളും അല്ലെങ്കിൽ ബാല്യകാല ഓർമ്മകളുടെ ചിത്രങ്ങൾ വരക്കുമ്പോൾ അവ ഒരു ക്രമത്തിൽ നിരത്തിയിരിക്കുന്നു. നെയ്ത്തിരി വിളക്കും, കതിർക്കുലയും, നിറപറയും ചേർത്താണു പറയുന്നത് അല്ലാതെ നെയ്ത്തിരി വിളക്കിനെക്കുറിച്ച് പറയുമ്പോൾ അണ്ണാറക്കണ്ണൻെറ കഥ പറയുന്നില്ല. ഈ കവിതയിലെ പദ സൗകമാര്യവും പ്രത്യേകം വായനക്കാരനെ ആഹ്ലാദിപ്പിക്കുന്നവയാണു. അവനും ഗ്രഹാതുരത്വത്തിലെ പിടിയിൽ അൽപ്പനേരം അമർന്നുപോകും.

ഭ്രൂണം മുതൽ എന്ന കവിത മൂന്നാം ലോകരാഷ്ട്രങ്ങൾ എങ്ങനെ ഉണ്ടാകുന്നു എങ്ങനെ അവ വീണ്ടും ആ സ്ഥിതിയിലേക്ക് തന്നെ നിപതിക്കുന്നു എന്ന സത്യം കാവ്യാത്മകമായി വിവരിക്കുന്നു. മൂന്നാം ലോകരാഷ്ട്രങ്ങൾ എല്ലാം മുമ്പ് കോളനികളായിരുന്നു. ഇവക്ക് ഒന്നും രണ്ടും ലോകരാജ്യങ്ങൾക്ക് മുന്നിൽ സ്ഥിരമായ ഒരു വ്യക്തിത്വം ഒറ്റക്കോ അതെപോലുള്ള മൂന്നാം ലോകരാജ്യങ്ങളുമായി കൂടിചേർന്നോ ഉണ്ടായിരുന്നില്ല. അവിടത്തെ പൗരന്മാർ അനുഭവിച്ച ക്ലേശങ്ങളുടെ, അടിമത്വത്തിൻെറ ഒരു ചിത്രം കവി നമുക്ക് തരുന്നു. ഈ കവിതയിൽ ഉടനീളം ബിംബങ്ങൾ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്ന ഒരു അറിവും ലഭിക്കുന്നു. അവിടത്തെ ഒരു പൗരൻ മരിക്കുമ്പോൾ ആഗ്രഹിക്കുന്നത് പുനർജന്മം അത്തരം രാജ്യത്തായിരിക്കിരുതെന്നാണ്. ഇതിൽ പറയുന്ന രാജ്യം ഇന്ത്യയാണെന്ന് നമുക്ക് തിരിച്ചറിയാം. ഈ രാജ്യം സ്വതന്ത്രമായപ്പോഴും പഴയ തിന്മകളിൽ നിന്നും മുക്തമാവുന്നില്ല. അവർ വീണ്ടും അതേഗതിയിൽ തുടർന്ന് മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങളുടെ സൗജന്യം പറ്റി കഴിയാൻ ആഗ്രഹിക്കുന്നു. അരോചകമായ അത്തരം ഒരു സാഹചര്യത്തിൽ സ്വയം പിറക്കാതിരിക്കുന്നതിനേക്കാൾ ഒരു മൂന്നാം ലോകത്തിൻെറ പിറവി സ്വപ്നം കാണുകയാണ് എളുപ്പമെന്ന ആശയം കവി പ്രകടിപ്പിക്കുന്നു,. സത്യം ജയിക്കുമെന്ന് ലോകമെമ്പാടുമുള്ള വിശ്വാസവും ഒരു നിബന്ധനയുടെ ബലത്തിലാണെന്നും ധൈര്യപൂർവം കവി കുറിക്കുന്നു. ഗുരുക്കന്മാർ പഠിപ്പിക്കുന്നത് നന്മയാണെങ്കിലും പ്രായോഗികതയുമായി കൂട്ടിമുട്ടുമ്പോൾ അവ ചിതറുന്നത് കവിയെ അത്ഭുതപ്പെടുത്തുന്നു. പിന്നെയുള്ള മാർഗ്ഗം ഒഴുക്കിലൂടെ നീന്തുക എന്നാണ്. ഭാരതത്തെക്കുറിച്ച് അറിയുന്നവർക്ക് ഇത് ഒരു വിപരീത ചിന്തയായി കാണാൻ

കഴിയില്ല. അവിടത്തെ കുരുക്ഷേത്രത്തിലാണ് ധർമ്മയുദ്ധം അരങ്ങേറിയത്. വീണ്ടും സത്യം ശീർഷാസനനത്തിൽ തന്നെ നിൽക്കുന്നത് അവിടെയാണ്.

(തുടരും)